(സി) ഈ ലിസ്റ്റിൽനിന്ന് നാളിതുവരെ എത്രപേർക്ക് പ്രൊമോഷൻ നൽകി എന്ന് അറിയിക്കുമോ ;

(ഡി) സ്ഥാനക്കയറ്റം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദീകരിക്കാമോ ;

(ഇ) ക്ലാസ്സ് 4 ജീവനക്കാരുടെ 10% പ്രൊമോഷൻ പ്രാവർത്തികമാകുന്നതിൽ സഹകരണ വകുപ്പിൽ നടപടികൾ വേണ്ടരീതി മുന്നോട്ട് പോകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ ക്ലാസ്സ് 4 ജീവനക്കാരുടെ 10% സ്ഥാനക്കയറ്റം ഉറപ്പാക്കുന്നതിന് നിലവിലുള്ള ക്ലാസ്സ് 4 ജീവനക്കാരുടെ 31-12-2013-ലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ജീവനക്കാരുടെ ഓപ്ഷൻ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) സഹകരണ വകുപ്പിൽ ക്ലാസ്സ് ഫോർ ജീവനക്കാരുടെ സീനിയോറിറ്റി അംഗീകരിച്ച് 21-3-2014-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല.

(ഡി & ഇ) ക്ലാസ്സ് ഫോർ ജീവനക്കാരുടെ 10% സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച സർക്കാരിന്റെ 3-1-2014-ലെ 1/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന്മേൽ സ്പഷ്ടീകരണത്തിന്റെ ആവശ്യമുള്ളതിനാലും ആയത് ടി വകുപ്പിന്റെ പരിശോധനയിലാണ് എന്നതിനാലുമാണ് സ്ഥാനക്കയറ്റം നൽകാത്തത്. സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷൻ പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ വകുപ്പിലെ ജോലിഭാരം

102 (7938) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ നിലവിൽ അനുഭവപ്പെടുന്ന ജോലിഭാരത്തെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പിലെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതെന്നാണെന്ന് പറയാമോ ; അതിനുശേഷം സ്റ്റാഫ് പാറ്റേൺ എപ്പോഴെങ്കിലും പരിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഈ കാലയളവിൽ സഹകരണ സംഘങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും എത്രമാത്രം വളർച്ചയും വർദ്ധനവും വന്നിട്ടുണ്ടെന്നും അത് എത്ര ശതമാനമാണെന്നും വിശദമാക്കാമോ ;

(ഡി) നിലവിൽ സഹകരണ വകുപ്പിൽ ഓഡിറ്റർമാർക്ക് നിശ്ചയിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ ; മുമ്പ് നിശ്ചയിച്ച 3 റിപ്പോർട്ട് എന്നതിന്റെ സ്ഥാനത്ത് ഇപ്പോൾ മാസത്തിൽ 7 റിപ്പോർട്ട് എന്ന നിലയിൽ വകുപ്പ് മേധാവികൾ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്ഥിതി ജീവനക്കാർക്ക് അധികജോലി ഭാരമായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-5-1981-ലെ ജി.ഒ. (എംഎസ്.) നമ്പർ 191/81/എ.ഡി. ഉത്തരവ് പ്രകാരമാണ് സഹകരണ വകുപ്പിൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത്. ആയതിനുശേഷം നാളിതുവരെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടില്ല.

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലും എണ്ണത്തിലും വളർച്ചയും വർദ്ധനവുമുണ്ടായിട്ടുണ്ട്. എന്നാൽ ആയത് എത്ര ശതമാനം എന്നത് കണക്കാക്കിയിട്ടില്ല.

(ഡി) യൂണിറ്റ് ആഡിറ്റർമാർ പ്രതിമാസം 3 ആഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് നിശ്ചയിച്ച നൽകിയിട്ടുണ്ട്. 3 റിപ്പോർട്ടുകളുടെ സ്ഥാനത്ത് മാസത്തിൽ 7 റിപ്പോർട്ടുകൾ നൽകുന്നതിന് വകുപ്പ് മേധാവികൾ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. 97-ാം ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരള നിയമസഭ പാസ്സാക്കിയ കേരള സഹകരണ ഭേദഗതി നിയമപ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകിയിരിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ ആഡിറ്റർമാർ കൂടുതൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കേണ്ട സാഹചര്യം നിലവിലുണ്ട്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly